● പി.കെ ജമാൽ


# വചന പ്രഘോഷത്തിന്റെ നിറവിൽ നാലുനാളുകൾ

**എൺപതുകളിൽ** യൂസുഫുൽ ഇസ്‌ലാമിന്റെയും അഹ്മദ് ദീദാത്തിന്റെയും പ്രബോധന-പ്രഭാഷണ പര്യടനങ്ങൾക്ക് സാക്ഷ്യം വഹിച്ച കുവൈത്തിന്റെ മണ്ണും മനസ്സും രണ്ടുദശാബ്ദങ്ങൾക്കു ശേഷം മറ്റൊരു മഹദ് വ്യക്തിത്വത്തിന്റെ സാന്നിധ്യത്താൽ ധന്യമായി. ഡോ. സാകിർ നായിക് ഈയിടെ നടത്തിയ പ്രഭാഷണ പര്യടനം കുവൈത്തിലെ ഇസ്‌ലാമിക പ്രബോധന ചരിത്രത്തിൽ നാഴികക്കല്ലായി. അന്നും ഇന്നും ഈ മഹദ് വ്യക്തിത്വങ്ങൾക്ക് ആതിഥ്യമരുളാൻ ഭാഗ്യമുണ്ടായത് കേരള ഇസ്‌ലാമിക് ഗ്രൂപ്പിന്(കെ.ഐ.ജി) ആയിരുന്നു. ഫെബ്രുവരി അവസാനവാരത്തിൽ ഇസ്‌ലാം പ്രസന്റേഷൻ കമ്മിറ്റി (ഐ.പി.സി)യുടെ സഹകരണത്തോടെ കെ.ഐ.ജിയും കേരളേതര സംസ്ഥാനങ്ങളിലെ പ്രസ്ഥാന പ്രവർത്തകരുടെ കൂട്ടായ്മയായ ഐ.എം.എ(ഇന്ത്യൻ മുസ്‌ലിം അസോസിയേഷൻ)യുമാണ് ഡോ. സാകിർ നായികിന്റെ നാലുദിവസം നീണ്ട പ്രഭാഷണ പരിപാടികൾ സംഘടിപ്പിച്ചത്. ദസ്മ ടീച്ചേഴ്സ് യൂനിയൻ ബാൻക്വറ്റ് ഹാളിൽനടന്ന പത്രസമ്മേളനത്തോടെയായിരുന്നു തുടക്കം. കുവൈത്തിലെ സ്വദേശി-വിദേശി പത്രങ്ങളുടെയും ചാനലുകളുടെയും പ്രതിനിധികൾ സംബന്ധിച്ച പത്രസമ്മേളനത്തിൽ താൻ നേതൃത്വം നൽകുന്ന *പീസ്* ടി.വിയുടെ പ്രവർത്തനങ്ങളും പ്രബോധന രംഗത്തെ അനുഭവങ്ങളും ഡോ. സാകിർ നായിക് വിശദീകരിച്ചു. 124 രാജ്യങ്ങളിലെ 75 മില്യൻ ജനങ്ങൾ കാണുന്ന *പീസ്* ടി.വി 2006-ലാണ് ആരംഭിച്ചത്. മഹത്തായ പ്രബോധന ദൗത്യമാണ് *പീസ്* ടി.വി നിറവേറ്റുന്നത്. പ്രേക്ഷകരിൽ ഇരുപത്തഞ്ചു ശതമാനം അമുസ്‌ലിംകളാണ്. പര്യടനത്തിനിടയിൽ *പീസ്* ടി.വിയുടെ കുവൈത്ത് ഓഫീസ് തുറക്കാൻ ഉദ്ദേശിക്കുന്നതായും ഡോ. സാകിർ നായിക് വെളിപ്പെടുത്തി.

ആഗോളതലത്തിൽ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരിൽ നടക്കുന്ന മാധ്യമ യുദ്ധത്തിന്റെ ഭീകരതയും സാമ്രാജ്യത്വ-സയണിസ്റ്റ്-ഫാഷിസ്റ്റ് ലോബി ഇസ്‌ലാമിനെക്കുറിച്ച് നടത്തുന്ന വ്യാപകമായ തെറ്റുധാരണകളും ചെറുക്കുക എന്ന ദൗത്യമാണ് *പീസ്* ടി.വി മുഖ്യമായും നിർവഹിക്കുന്നത്. 1987-ൽ അഹ്മദ് ദീദാത്തുമായി പരിചയപ്പെട്ടതിന് ശേഷമാണ് താൻ ഈ രംഗത്ത് പ്രവർത്തിക്കാൻ തുടങ്ങിയതെന്ന് ഡോ. സാകിർ നായിക് പറഞ്ഞു. ദീദാത്ത് ശ്രദ്ധയൂന്നിയത് ഇസ്‌ലാമും ക്രിസ്തുമതവും തമ്മിലെ താരതമ്യപഠനത്തിനാണ്. ക്രൈസ്തവ വിശ്വാസ പ്രമാണങ്ങളും ബൈബിളും ആഴത്തിൽ പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്ത ദീദാത്തിന്റെ ദൗത്യം ദീദാത്തിനോടെ അവസാനിക്കേണ്ടതല്ല എന്ന വിചാരമാണ് പുതിയ കാൽവെപ്പുകൾക്ക് സാകിർ നായിക്കിനെ പ്രേരിപ്പിച്ചത്. ദീദാത്ത് ആ കാലഘട്ടത്തിലെ അത്ഭുതപ്രതിഭാസമായിരുന്നു. അക്കാലത്തെ സൗകര്യങ്ങളും സംവിധാനങ്ങളും അദ്ദേഹം ആവോളം പ്രയോജനപ്പെടുത്തുകയും ലോകോത്തര ജൈത്രയാത്രകൾ നടത്തുകയും ചെയ്തു. ദീദാത്തിന്റെ മാതൃക കിടയറ്റതാണ്. പ്രഭാഷണങ്ങളുടെയും സംവാദങ്ങളുടെയും വീഡിയോ ആവിഷ്കാരത്തിന് അദ്ദേഹമാണ് തുടക്കമിട്ടത്. ലോകമെങ്ങുമുള്ള യുവജനങ്ങളിൽ അദ്ദേഹം കർമാവേശവും ആത്മവിശ്വാസവും വളർത്തി. അവരെ പ്രബോധന പ്രവർത്തനങ്ങൾക്ക് സജ്ജമാക്കി.

ദീദാത്തിന്റെ വീഡിയോ കാസറ്റു






*ഡോ. സാകിർ നായിക് കുവൈത്തിലെ ഒരു പരിപാടിയിൽ*

കൾ പുതിയ സാങ്കേതിക വിദ്യകളിലൂടെ നവീകരിച്ച് പ്രേക്ഷകരിൽ എത്തിക്കാനുള്ള യത്നത്തിലാണ് *പീസ്* ടി.വി. തന്നെപ്പോലെ പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകുകയും മതതാരതമ്യപഠനത്തിൽ അവഗാഹം നേടുകയും ചെയ്ത 15 വനിതാ പ്രബോധകരെയും 50 പ്രബോധകന്മാരെയും പരിശീലനം നൽകി വാർത്തെടുത്തിട്ടുണ്ടെന്ന് ഡോ. സാകിർ നായിക് അറിയിച്ചു. ലോകമതങ്ങളും ഇസ്‌ലാമും തമ്മിലെ താരതമ്യപഠനത്തിൽ ശ്രദ്ധയൂന്നിയ സാകിർ നായിക് മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസ്‌ലാമിക് റിസർച്ച് ഫൗണ്ടേഷൻ പ്രസിഡന്റാണ്. കഴിഞ്ഞ വർഷങ്ങളിൽ രണ്ടായിരത്തോളം പൊതു പ്രഭാഷണങ്ങളും സംവാദങ്ങളും നടത്തി. 2000 ഏപ്രിൽ 1-ന് അമേരിക്കയിലെ ചിക്കാഗോ സിറ്റിയിൽ ഡോ. വില്യം കാംബെല്ലുമായി നടത്തിയ സംവാദം മികച്ചതായിരുന്നു. ആയിരക്കണക്കിനാളുകൾ അതിന് സാക്ഷികളായി. ഈ രംഗത്ത് തന്റെ ഗുരുവായ അഹ്മദ് ദീദാത്ത് തന്നെ 'ദീദാത്ത് പ്ലസ്' എന്ന് വിശേഷിപ്പിച്ച് ആദരിച്ചതാണ് ഏറ്റവും വലിയ ബഹുമതി. പ്രബോധന രംഗത്തുള്ള തന്റെ സമഗ്ര സംഭാവനകൾ പരിഗണിച്ച് ദീദാത്ത് 1994-ൽ നൽകിയ പ്രശസ്തി ഫലകത്തിൽ കൊത്തിവെച്ച വാചകം ഇങ്ങനെയായിരുന്നു: 'എനിക്ക് നാൽപതു വർഷംകൊണ്ട് ചെയ്തു തീർക്കാൻ കഴിഞ്ഞത്, പ്രിയമകനേ നിനക്ക് നാലു വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞു.'

'അമേരിക്കൻ സന്ദർശനവേളയിൽ മതമൗലികവാദിയും ജിഹാദിയും ഭീകരവാദിയുമായി മുദ്രകുത്തി ഇമിഗ്രേഷൻ അധികൃതർ ചോദ്യം ചെയ്തപ്പോൾ ബൈബിൾ വചനങ്ങൾ ഉദ്ധരിച്ച് ഞാൻ നൽകിയ മറുപടിയിൽ സംപ്രീതരായ ഉദ്യോഗസ്ഥർ, പിന്നീടൊരിക്കൽ മുൻകൈയെടുത്ത് ന്യൂയോർക്ക് സിറ്റിയിൽ ഇസ്‌ലാം-ക്രിസ്ത്യൻ സംവാദം ഏർപ്പെടുത്തിയതും ചിലർ ഇസ്‌ലാമിനെയും ഖുർആനെയും കൂടുതൽ അറിയാൻ എന്നെ നിരന്തരം ബന്ധപ്പെട്ടതും മറക്കാനാവാത്ത അനുഭവമാണ്. ശ്രീ ശ്രീ രവിശങ്കറുമായി നടത്തിയ സംവാദവും ഓർമയിൽ തിളങ്ങി നിൽക്കുന്നു. ലോക പ്രശസ്തരായ മതപണ്ഡിതന്മാരുമായി സംവാദങ്ങളിൽ ഏർപ്പെടുമ്പോൾ എന്നെ ഏറെ തുണക്കുന്നത്, ദീദാത്തിൽനിന്നുൾക്കൊണ്ട പാഠങ്ങളും വേദങ്ങളിലും ഉപനിഷത്തുകളിലും മറ്റു മതഗ്രന്ഥങ്ങളിലുമുള്ള അവഗാഹവുമാണ്' ഡോ. സാകിർ നായിക് പറഞ്ഞു.

## വേണ്ടത് വികാരമല്ല, വിവേകം

പ്രവാചകനെയും ഇസ്‌ലാമിനെയും നിന്ദിക്കുന്ന കൃതികളും കാർട്ടൂണുകളും മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ വികാരങ്ങൾക്ക് അടിപ്പെടുന്നതിനു പകരം വിവേകപൂർവമായ സമീപനങ്ങളാണ് സ്വീകരിക്കേണ്ടതെന്ന് ഡോ. സാകിർ നായിക് പറഞ്ഞു. പ്രതികരിക്കുന്നതിന് ചില രീതികളുണ്ട്. ഇത്തരം നീക്കങ്ങൾക്കെതിരെ പ്രതിഷേധിക്കാം. അവ അക്രമാസക്തമാവരുത്. പ്രഭാഷണങ്ങളും ചർച്ചകളും സംഘടിപ്പിക്കാം. അന്താരാഷ്ട്ര തലത്തിൽ നിയമവിദഗ്ധരുടെ ഫോറമുണ്ടാക്കി അന്താരാഷ്ട്ര കോടതികളെ സമീപിച്ച് കേസ് നടത്താം, രാഷ്ട്രീയ സമ്മർദങ്ങളാവാം, ബഹിഷ്കരണങ്ങളാവാം. അവർക്ക് ആവിഷ്കാര സ്വാതന്ത്ര്യത്തിനവകാശമുണ്ടെങ്കിൽ, ഇഷ്ടമുള്ള ഉൽപന്നങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും നമുക്കുമുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തണം. ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക വേദിയോ കൂട്ടായ്മയോ വേണമെന്നും ഈ ദിശയിൽ ചില ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞെന്നും അദ്ദേഹം വെളിപ്പെടുത്തി.

ഫെബ്രുവരി 29-ന് അബ്ബാസിയാ ടൂറിസ്റ്റ് പാർക്കിൽ നടന്ന പൊതുപ്രഭാഷണം കേൾക്കാൻ കുവൈത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ജനസഹസ്രങ്ങൾ ഒഴുകിയെത്തി. ഉച്ചയോടെത്തന്നെ അബ്ബാസിയയിലേക്കുള്ള മുഴുവൻ റോഡുകളും വാഹനത്തിരക്കുകൊണ്ട് വീർപ്പുമുട്ടി. 5000 പേർക്കുള്ള സജ്ജീകരണങ്ങളാണൊരുക്കിയതെങ്കിലും 18000 പേർ ടൂറിസ്റ്റ് പാർക്കിൽ എത്തിച്ചേർന്നിരുന്നു. മതഭേദമില്ലാതെ ഇന്ത്യക്കാരനും പാകിസ്താനിയും ബംഗ്ലാദേശിയും ശ്രീലങ്കക്കാരനും കുവൈത്തിയും അമേരിക്കകാരനുമെല്ലാം തോളോടുതോൾ ചേർന്ന് മണിക്കൂറുകളോളം പ്രസംഗവും ചോദ്യോത്തരവും ശ്രവിച്ചത് കൗതുക കാഴ്ചയായി. 'ദൈവ സങ്കൽപം വിവിധ മതങ്ങളിൽ' എന്ന വിഷയത്തെക്കുറിച്ചുള്ള പ്രഭാഷണം ഒരു മണിക്കൂറും ചോദ്യോത്തര സെഷൻ ഒന്നര മണിക്കൂറും. വിവിധ മതസ്ഥർ ചോദ്യങ്ങളുമായി രംഗത്തുവന്നത് സംവാദത്തെ അർഥപൂർണമാക്കി.

ഖുർആനിലെയും വേദോപനിഷത്തുകളിലെയും ബൈബിളിലെയും വചനങ്ങളും സൂക്തങ്ങളും ഡോ. സാകിർ നായികിന്റെ നാവിലൂടെ ഒഴുകിയപ്പോൾ സദസ്സ് കോരിത്തരിച്ചു. ഉദ്ധരിക്കുന്ന പ്രമാണരേഖകളുടെ ആധികാരികതയിലുള്ള ആത്മവിശ്വാസം വചനപ്രഘോഷമായി ഉറന്നൊഴുകിയപ്പോൾ ഭിന്നവീക്ഷണഗതിക്കാർ പോലും സർവം മറന്നു കരഘോഷം മുഴക്കി.

ഒരു മതത്തെ വിലയിരുത്തേണ്ടത് അതിന്റെ അടിസ്ഥാന പ്രമാണങ്ങൾ വായിച്ചും പഠിച്ചും പരിചിന്തനം നടത്തിയും ആവണമെന്നും ഡോ. സാകിർ നായിക് ഓർമിപ്പിച്ചു. എല്ലാ മതങ്ങളുടെയും അടിസ്ഥാന സങ്കൽപം ഏകദൈവവിശ്വാസമാണ്. ഇസ്‌ലാം പഠിപ്പിക്കുന്ന ഏകദൈവവിശ്വാസം ഹൈന്ദവവേദങ്ങളിലും ഉപനിഷത്തുകളിലും ബൈബിളിലും ജൂത, സിഖ്, പാർസി മതങ്ങളുടെ പ്രമാണങ്ങളിലും കാണാം. ഭഗവദ്ഗീത, യജുർവേദം, അഥർവവേദം തുടങ്ങിയ മതഗ്രന്ഥങ്ങളിൽ ഏകദൈവവിശ്വാസത്തെക്കുറിച്ച പരാമർശങ്ങളുണ്ട്. 'സൂര്യൻ, ചന്ദ്രൻ, കാറ്റ് എന്നിവയെ ആരാധിക്കുന്നവർ ഇരുട്ടിലേക്കാണ് പോകുന്നത്' എന്ന് യജുർവേദത്തിൽ പറഞ്ഞിട്ടുണ്ട്.

താനാണ് ദൈവമെന്നും തന്നെ ആരാധിക്കണമെന്നും ബൈബിളിൽ യേശു പറഞ്ഞിട്ടില്ല. 'ഞാൻ ദൈവം, എന്നെപ്പോലെ ആരുമില്ല' എന്നാണ് ജൂതമതത്തിന്റെ അടിസ്ഥാന തത്ത്വം. പ്രാചീന പാർസി(സൗരാഷ്ട്രമതം) മതവും ഏകദൈവവിശ്വാസത്തിലാണ് ഊന്നിയത്. ഗുരുനാനാക്ക് സ്ഥാപിച്ച സിഖ്മതം ബിംബാരാധനക്ക് എതിരാണ്. നിർഭാഗ്യവശാൽ മതാനുയായികൾ ഈ വസ്തുത മനസ്സിലാക്കാത്തതാണ് പരസ്പര സ്പർധക്കും ഭിന്നതക്കും കാരണം. ദൈവങ്ങളായും ദൈവത്തിന്റെ അവതാരങ്ങളായും അവകാശപ്പെടുന്നവർ ജനങ്ങളെ വിഡ്ഢികളാക്കുകയാണ്. ഒന്നിലേറെ ദൈവങ്ങളുണ്ടെന്ന വിശ്വാസം നിലനിൽക്കുന്നതല്ല. ദൈവങ്ങൾ തമ്മിൽ സംഘട്ടനമുണ്ടാവുന്ന അവസ്ഥയിൽ പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടും. മനുഷ്യനെ സൃഷ്ടിച്ച ദൈവം അവന് മാർഗദർശനം നൽകാൻ കാലാകാലങ്ങളിൽ മനുഷ്യരിൽനിന്നുതന്നെയുള്ള പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. ഖുർആൻ മാർഗനിർദേശ ഗ്രന്ഥം എന്നപോലെ കർമഗ്രന്ഥവുമാണ്. മുൻധാരണകളില്ലാതെ തെളിഞ്ഞ ഹൃദയത്തോടെ ഖുർആനെ സമീപിച്ചാൽ ഉയരുന്ന എല്ലാ സംശയങ്ങൾക്കും അത് മറുപടി തരും.

## ഇസ്‌ലാം പരിഹാരമാണ്

അടുത്തദിവസം കൈത്താനിലെ ഗ്രാനഡ തിയേറ്ററിലായിരുന്നു പ്രത്യേക ക്ഷണിതാക്കൾക്കുള്ള സമ്മേളനം. 1500 പേർ പങ്കെടുത്ത സമ്മേളനത്തിൽ 'ഇസ്‌ലാം പ്രശ്നമല്ല, പരിഹാരമാണ്' എന്ന വിഷയം ഡോ. സാകിർ നായിക് അവതരിപ്പിച്ചു.

'ഇസ്‌ലാമിനെ പ്രശ്നമായും മുസ്‌ലിംകളെ പ്രശ്നക്കാരായുമാണ് മീഡിയ ഇന്ന് അവതരിപ്പിക്കുന്നത്. ഇസ്‌ലാമിനെ താറടിക്കാൻ ആയിരക്കണക്കിൽ പ്രസിദ്ധീകരണങ്ങൾ പുറത്തുവരുന്നു. ഖുർആനിൽനിന്ന് ഉദ്ധരണികൾ അടർത്തിയെടുത്ത് ദുർവ്യാഖ്യാനം ചെയ്ത്, ഇസ്‌ലാമും ഖുർആനും അപകടകരമാണെന്ന് തെറ്റിദ്ധരിപ്പിക്കുകയാണ്. നന്മയുടെയും കാരുണ്യത്തിന്റെയും സത്യസന്ധതയുടെയും കാര്യത്തിൽ മാത്രമാണ് ഒരു മുസ്‌ലിം തീവ്രവാദിയാകുന്നത്. സത്യത്തിൽ അധിഷ്ഠിതമായ ഈ തീവ്രവാദം പടിഞ്ഞാറിനോ അമേരിക്കക്കോ ഇഷ്ടമല്ല. മതമൂല്യങ്ങളെ അവയുടെ ആദിമ വിശുദ്ധിയോടെ സൂക്ഷിക്കുകയും അവയുടെ സംരക്ഷണത്തിന് പടപൊരുതുകയും ചെയ്യുന്നത് മതമൗലികവാദമാണെങ്കിൽ മുസ്‌ലിം മതമൗലികവാദിയാണ്. അനീതിയുടെയും അധർമത്തിന്റെയും ഇരുട്ടിന്റെയും ശക്തികൾക്ക് നീതിക്കും ധർമത്തിനും വെളിച്ചത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഭീകര പ്രവർത്തനങ്ങളായി തോന്നാം. ഈ അർഥത്തിൽ ഞാൻ തീവ്രവാദിയും മതമൗലികവാദിയും ഭീകരനുമായി മുദ്രകുത്തപ്പെടുകയാണെങ്കിൽ എനിക്കതിൽ അഭിമാനമേയുള്ളൂ', നീണ്ട കരഘോഷങ്ങൾക്കിടയിൽ ഡോ. സാകിർ നായിക് പറഞ്ഞു. 'അവകാശങ്ങൾക്കു വേണ്ടിയും സ്വാതന്ത്ര്യത്തിനു വേണ്ടിയും പ്രവർത്തിക്കുന്നത് തൽപര കക്ഷികൾ ഭീകര പ്രവർത്തനമായി ചിത്രീകരിക്കും. ആടിനെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്ന രീതിശാസ്ത്രമാണത്. ബ്രിട്ടീഷുകാരുടെ ദൃഷ്ടിയിൽ ഗാന്ധിജിയും ഭഗത്സിംഗും ഭീകരവാദികളായിരുന്നു. അടിമത്ത മോചനത്തിനും സ്വാതന്ത്ര്യത്തിനും പടപൊരുതിയ ജോർജ് വാഷിംഗ്ടണും അബ്രഹാം ലിങ്കണും അമേരിക്കയെ അടക്കിവാണ കോളനിശക്തികൾക്ക് ഭീകരരും തീവ്രവാദികളുമായിരുന്നു. പിന്നീട് ഇതേ തീവ്ര-ഭീകരവാദികളായി അമേരിക്കയുടെ പ്രസിഡന്റുമാരെന്നത് മറ്റൊരു കഥ.'

ഇസ്‌ലാമിനെതിരിൽ നടക്കുന്ന പ്രചണ്ഡമായ പ്രചാരണങ്ങൾ കണ്ടും കേട്ടും മനോബലം നഷ്ടപ്പെട്ട സമൂഹം ഒരു മാപ്പിരക്കൽ സമീപനത്തിൽ ആശ്വാസം കണ്ടെത്തുന്നതിനെതിരെ ജാഗ്രത വേണമെന്ന് അദ്ദേഹം ഉണർത്തി.

സെപ്റ്റംബർ 11-ലെ സംഭവത്തിനു ശേഷം ഇസ്‌ലാമിനെക്കുറിച്ച് അറിയാനും പഠിക്കാനുമുള്ള അഭൂതപൂർവമായ ആവേശവും താൽപര്യവും കാണാതിരുന്നുകൂടാ. ഇസ്‌ലാം ആശ്ലേഷിക്കുന്നവരുടെ എണ്ണത്തിൽ ഉണ്ടായ അസാധാരണ വർധന പാശ്ചാത്യ ലോകത്ത് സജീവ ചർച്ചാ വിഷയമായിട്ടുണ്ട്. സ്ത്രീസ്വാതന്ത്ര്യവാദത്തിന്റെയും സ്ത്രീകളുടെ വസ്ത്രധാരണത്തിന്റെയും മേൽവിലാസത്തിൽ അരങ്ങേറുന്ന പ്രചാരണങ്ങൾ ഇസ്‌ലാമോഫോബിയയുടെ മറ്റൊരു മുഖമാണ്. ഖുർആനിൽ പരാമർശിക്കപ്പെട്ട നിരവധി ശാസ്ത്ര സൂചനകൾ അനാവരണം ചെയ്ത് ഖുർആന്റെ അമാനുഷികതയും ദൈവപ്രോക്ത വചനങ്ങളുടെ സത്യതയും സുബദ്ധതയും സമർഥിച്ചുകൊണ്ടാരംഭിച്ച പ്രഭാഷണം ചോദ്യോത്തര സെഷനോടെ സമാപിച്ചു.

മുസ്‌ലിം സംഘടനാ പ്രതിനിധികളെയും നേതാക്കളെയും പ്രത്യേകം ക്ഷണിച്ച് കുവൈത്ത് സിറ്റി കാൽട്ടൺ ടവർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സുഹൃദ് സമ്മേളനത്തിലും ഡോ. സാകിർ നായിക് സംബന്ധിച്ചു. ■